"ഭരണഭാഷ – മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് – പരേതനായ പി. എ. ജേക്കബിന്റെ പെൻഷൻ കുടിശ്ശിക ജീവകാല കുടിശ്ശികയായി അനന്തരാവകാശികൾക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

ധനകാര്യ (പെൻഷൻ – എ) വകുപ്പ്

സ.ഉ.(സാധാ)നം. 8803/2026/ധന. **തിരുവനന്തപുരം, തീയതി, 18.11.2026.**

==========

പരാമർശം :– 1. ട്രഷറി ഡയറക്ടറുടെ 17.08.2026 –ലെ TRY/3018/2026-P1 നമ്പർ കത്ത്.

2. അനന്തരാവകാശിയുടെ 17.12.2025 –ലെ അപേക്ഷ.

ഉത്തരവ്

ബാങ്ക് അക്കൗണ്ട് മുഖേന പി.പി.ഒ നമ്പർ 62279616 പ്രകാരം യു.ജി.സി പെൻഷൻ കൈപ്പറ്റി വന്നിരുന്ന പി. എ. ജേക്കബ് 21.09.2020 –ന് മരണപ്പെട്ടു. ടിയാളുടെ 01.07.2019 മുതൽ 30.09.2020 വരെയുള്ള ഏഴാം പെൻഷൻ പരിഷ്കരണ കുടിശ്ശികയും OROP പെൻഷൻ പരിഷ്കരണ കുടിശ്ശികയും ക്ഷാമാശ്വാസ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കളും ജീവകാല കുടിശ്ശികയായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം അനന്തരാവകാശി അപേക്ഷ സമർപ്പിക്കുകയും ആയത് പ്രകാരം 01.07.2019 മുതൽ 30.09.2020 വരെയുള്ള ഏഴാം പെൻഷൻ പരിഷ്കരണ കുടിശ്ശിക 1,14,915/- രൂപയും, OROP പെൻഷൻ പരിഷ്കരണ കുടിശ്ശിക 95,970/- രൂപയും ക്ഷാമാശ്വാസ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ 28,816/- രൂപ ഉൾപ്പെടെ ആകെ 2,39,701/- രൂപ (രണ്ട് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി ഒന്ന് രൂപ മാത്രം) ആയി കണക്കാക്കി ട്രഷറി ഡയറക്ടർ പരാമർശം (1) പ്രകാരം ജീവകാല കുടിശ്ശികയായി വിതരണം ചെയ്യുന്നതിന് അനുമതിയ്ക്കായി ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിക്കുകയും പരേതനായ യു.ജി.സി പെൻഷണർ പി. എ. ജേക്കബിന്റെ 01.07.2019 മുതൽ 30.09.2020 വരെയുള്ള ഏഴാം പെൻഷൻ പരിഷ്കരണ കുടിശ്ശിക 1,14,915/- രൂപയും, OROP പെൻഷൻ പരിഷ്കരണ കുടിശ്ശിക 95,970/- രൂപയും ക്ഷാമാശ്വാസ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ 28,816/- രൂപ ഉൾപ്പെടെ ആകെ 2,39,701/- രൂപ (രണ്ടു ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി ഒന്ന് രൂപ മാത്രം) ജീവകാല കുടിശ്ശികയായി അനന്തരാവകാശികൾക്ക് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതുടെ കൃത്യത ട്രഷറി ഡയറക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജയശങ്കർ കെ. ജി.
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്- II), കേരളം, തിരുവനന്തപുരം.
3. ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
4. ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്.
5. സബ് ട്രഷറി ഓഫീസർ, ഫറോക്ക്.
6. ശ്രീമതി മേരിക്കുട്ടി വർഗ്ഗീസ്, പുത്തൻപറമ്പിൽ, ഫാറൂക്ക് കോളേജ് പി. ഒ., പിൻ - 673632.
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഇ-3633146)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ